(ii) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(1) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

സഹകരണരംഗത്ത് വരുത്താൻ ഉദ്ദേശിക്കുന്ന മാറ്റങ്ങൾ

*3 [479] *ശ്രീ. എം. മുരളി:*
„ *കെ. മോഹൻകുമാർ:*
„ *കെ. സുധാകരൻ:*

ഡോ. എം. എ. കുട്ടപ്പൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും തുറമുഖവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ രംഗത്ത് സമൂലമാറ്റം വരുത്തുവാനുദ്ദേശമുണ്ടോ; ഉണ്ടെങ്കിൽ എന്തെല്ലാം മാറ്റങ്ങളാണ് വരുത്താനുദ്ദേശിക്കുന്നതെന്ന് പറയാമോ;

(ബി) ഈ മാറ്റങ്ങൾ എന്നത്തേക്ക് ഏർപ്പെടുത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) സ്വാശ്രയ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്യുവാനനുവദിക്കുന്ന നിയമമുണ്ടാക്കാനുദ്ദേശമുണ്ടോ?

സഹകരണവും തുറമുഖവും വകുപ്പുമന്ത്രി *(ശ്രീ. എം. വി. രാഘവൻ):*

(എ) സഹകരണ രംഗത്ത് ചില മാറ്റങ്ങൾ വരുത്തുവാനുദ്ദേശമുണ്ട്. അവ ചുവടെ ചേർക്കുന്നു:

1. സ്വാശ്രയ സഹകരണ സംഘങ്ങൾ രൂപീകരിക്കുന്നതിനുള്ള നിയമ നിർമ്മാണം.
2. സഹകരണ സംഘങ്ങളുടെ ആഡിറ്റ് നടത്തുന്നതിനും ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി ആഡിറ്റ് ഡയറക്ടറേറ്റ് രൂപീകരണം.
3. കാർഷിക വായ്പകൾ അടച്ചു തീർക്കുന്നതിനുമുമ്പ് കൃഷിക്കാരൻ മരണപ്പെടുകയാണെങ്കിൽ കടം തീർക്കുന്നതിനുള്ള ബാദ്ധ്യത നിർവ്വഹിക്കുന്നതിനുള്ള റിസ്ക് ഫണ്ട് പദ്ധതി. കൃഷിനാശം സംഭവിച്ചാൽ ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നതിനും ഉദ്ദേശിച്ചുള്ള പദ്ധതി.
4. സ്വയം സഹായ ഗ്രൂപ്പുകൾ വ്യാപകമാക്കി, പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ ശക്തിപ്പെടുത്തൽ.
5. എൻ.സി.ഡി.സി. പദ്ധതികളുടെ പ്രവർത്തനം സർവ്വീസ് സെക്ടർ മേഖലയിലൂടെ വ്യാപിപ്പിക്കുന്ന പദ്ധതി പ്രയോജനപ്പെടുത്തിക്കൊണ്ട്,

LIBRARY ARCHIVES Kerala Legislative Assembly

എണ്ണത്തിൽ ഗണ്യമായ അംഗസംഖ്യയുള്ള പലവക സംഘങ്ങളുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്നതിന് ക്രിയാത്മക പദ്ധതികൾ ആവിഷ്കരിക്കൽ.

6. ഐ.സി.ഡി.പി. പദ്ധതി പൂർത്തിയാക്കിയ ജില്ലകളിൽ ഈ പദ്ധതി കൂടുതൽ കാര്യക്ഷമമാക്കുന്നതിന് രണ്ടാംഘട്ടം നടപ്പിലാക്കൽ.

(ബി) ഐ.സി.ഡി.പി. പദ്ധതിയും എൻ.സി.ഡി.സി.യുടെ പദ്ധതികൾ സർവ്വീസ് മേലയിൽ വ്യാപിപ്പിക്കുന്നതുമൊഴികെയുള്ള പദ്ധതികൾ ഈ സാമ്പത്തികവർഷം തന്നെ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നു.

(സി) ഇക്കാര്യം പരിഗണനയിലാണ്.

കെ.എസ്.ആർ.ടി.സി.യുടെ അന്തർസംസ്ഥാന സർവ്വീസുകൾ

*4 [480] *ശ്രീ. ജോണിനെല്ലൂർ:*

„ *ടി. എം. ജേക്കബ്:*

„ *കെ. ബി. ഗണേഷ് കുമാർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗതവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2005-2006 വർഷത്തിൽ അന്തർസംസ്ഥാന സർവ്വീസുകൾ കെ.എസ്.ആർ.ടി.സി. ആരംഭിക്കുന്നത് സംബന്ധിച്ച് അന്യസംസ്ഥാനങ്ങളുമായി എന്തെങ്കിലും ചർച്ചകൾ നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വെളിപ്പെടുത്തുമോ;

(ബി) മുംബൈ, ബാംഗ്ലൂർ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് കേരളത്തിലെ വിവിധ കേന്ദ്രങ്ങളിൽ നിന്ന് കെ.എസ്.ആർ.ടി.സി.യുടെ എയർകണ്ടീഷൻഡ് ബസ്സുകൾ സർവ്വീസ് നടത്തുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുമോ?

ഗതാഗതവകുപ്പുമന്ത്രി *(ശ്രീ. എൻ. ശക്തൻ):*

(എ) ചർച്ച നടത്താൻ ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) മുംബൈ, ചെന്നൈ എന്നീ റൂട്ടുകൾ അന്തർസംസ്ഥാന കരാറുകളിൽ ഉൾപ്പെടാത്തതിനാൽ കെ.എസ്.ആർ.ടി.സി.-ക്ക് പ്രസ്തുത സർവ്വീസുകൾ ഓടിക്കുവാൻ ഇപ്പോൾ കഴിയുകയില്ല.

കെ.എസ്.ആർ.ടി.സി. ബാംഗ്ലൂരിലേക്ക് മൂന്നു സർവ്വീസുകൾ ഓടിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്. ഇതിൽ തിരുവനന്തപുരം-ബാംഗ്ലൂർ 3-8-2005 ന് ആരംഭിക്കുകയുണ്ടായി. അന്തർസംസ്ഥാന കരാറുകളെക്കുറിച്ച് ചർച്ച നടത്തുമ്പോൾ മുംബൈ, ചെന്നൈ എന്നീ പട്ടണങ്ങളിലേക്ക് സർവ്വീസ് നടത്തുന്നകാര്യം പരിഗണിക്കുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly